*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

145th Issue - Volume 4, No. 26 ജാഗ്രത 6th August 2010

*******

**"The destructive Seven Blunders of the World that cause violence:**

1.Wealth without work.
2.Pleasure without conscience.
3.Knowledge without character.
4.Commerce without morality.
5.Science without humanity.
6.Religion without sacrifice.
7.Politics without principle."

Mahatma Gandhi

*******



Promote Religious Harmony

## പ്രധാന വാർത്തകൾ

മൂല്യബോധമുള്ള വിദ്യാർഥിസമൂഹത്തെ രൂപപ്പെടുത്തുക ലക്ഷ്യം: ബിഷപ് ഡോ.സ്റ്റാൻലി റോമൻ

---

സമുദായ ശാക്തീകരണത്തിനു സംഘടനകളും വിശ്വാസികളും പ്രവർത്തിക്കണം:

മാർ ജോസഫ് കല്ലറങ്ങാട്ട്

---

അത്മായ പ്രസ്ഥാനങ്ങളിലെ നുഴഞ്ഞുകയറ്റം; നിരീശ്വരപ്രസ്ഥാനങ്ങളുടെ ഹിഡൻ അജൻഡ:

മാർ പോളി കണ്ണൂക്കാടൻ

---

പരിസ്ഥിതി സംരക്ഷണം വികസനത്തിന്റെ പുതിയ മുഖം: ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## മൂല്യബോധമുള്ള വിദ്യാർഥിസമൂഹത്തെ രൂപപ്പെടുത്തുക ലക്ഷ്യം: ബിഷപ് ഡോ.സ്റ്റാൻലി റോമൻ



മൂല്യബോധവും സംസ്കാരവുമുള്ള വിദ്യാർഥി സമൂഹത്തെ വാർത്തെടുക്കുക എന്നതാണ് രൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലക്ഷ്യമെന്ന് ബിഷപ് ഡോ.സ്റ്റാൻലി റോമൻ. ബിഷപ് ജെറോം ട്രസ്റ്റ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ എൻജിനീയറിംഗ് കോളജിന്റെ ആശീർവാദകർമത്തിനുശേഷം നടന്ന പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു ബിഷപ്. ക്രിസ്തീയമൂല്യ ങ്ങളും മാനുഷിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന വിദ്യാർഥിസമൂഹമാണ് ഉണ്ടാകേണ്ടത്. ഇതിനായി അധ്യാപകരും വിദ്യാർഥികളും അനധ്യാപകരും അർപ്പണബോധത്തോടെ പ്രവർത്തിക്കണം. ഈ കൂട്ടായ്മയ്ക്കിടയിൽ മാനുഷികമൂല്യങ്ങൾ കൈമോശം വരരുതെന്നും ഡോ.സ്റ്റാൻലി റോമൻ ഉദ്ബോധിപ്പിച്ചു. പണം സമ്പാദിക്കാനുള്ള മാർഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളെ രൂപത ഒരിക്കലും കരുതിയിട്ടില്ല. എന്നാൽ ഈ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ ഭാഗത്തുനിന്ന് പലതും ലഭിക്കാത്തതിൽ ബുദ്ധിമുട്ടുണ്ട്. മേഖലയിലെ പരിഷ്കാരങ്ങൾ എല്ലാവർക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിന് ഉതകുന്നതാകണമെന്നും ബിഷപ് നിർദേശിച്ചു. മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകിയാൽ മാത്രമേ സ്ഥാപനത്തിന് നിലനിൽപ്പ് ഉണ്ടാകുകയുള്ളൂ. ട്രസ്റ്റിന്റെ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് നല്ല ശിക്ഷണവും പരിശീലനവും നൽകാനാണ് ആഗ്രഹിക്കുന്നത്. മറ്റ് കത്തോലിക്കാ എൻജിനീയറിംഗ് കോളജുകൾ ആവശ്യപ്പെടുന്ന ഫീസ് മാത്രമേ ഇവിടെയും ഈടാക്കുകയുള്ളൂ. കെസിബിസിയുടെ താത്പര്യവും ഒരേ ഫീസ് ഈടാക്കണമെന്നു തന്നെയാണ്. വൈദികരും അൽമായരും ഒരു മനസോടെ സഹകരിച്ചതുകൊണ്ടാണ് ഈ സ്ഥാപനം പൂർണതയിലെത്തിയതെന്നും ബിഷപ് ചൂണ്ടിക്കാട്ടി. ബിഷപ് ജെറോം എൻജിനീയറിംഗ് കോളജിന് സർവകലാശാലയുടെ അംഗീകാരം ലഭിക്കുന്നതിന് വ്യക്തിപരമായി താൻ മുൻകൈയെടുക്കുമെന്ന് ചടങ്ങിൽ ആശംസാപ്രസംഗം നടത്തിയ മന്ത്രി പി.കെ.ഗുരുദാസൻ ഉറപ്പ് നൽകി. കൊല്ലത്തിന്റെ അഭിമാനസ്തംഭമായി സ്ഥാപനം ഉയരട്ടെയെന്നും മന്ത്രി ആശംസിച്ചു. രാജ്യത്തിന്റെ വികസനത്തിന് ഉതകുന്ന വിഷയങ്ങൾ തന്നെ പാഠ്യവിഷമായി തെരഞ്ഞെടുത്തിട്ടുള്ള കാമ്പസ് അന്താരാഷ്ട്ര നിലവാരത്തിൽ ഉയരുമെന്ന കാര്യത്തിൽ തർക്കമില്ലെന്നും മന്ത്രി ഗുരുദാസൻ കൂട്ടിച്ചേർത്തു. പിഎസ്സി അംഗം പ്രഫ.ഇ.മേരിദാസൻ, മേയർ അഡ്വ.വി.രാജേന്ദ്രബാബു, ഗവൺമെന്റ് സെക്രട്ടറി അനിൽ സേവ്യർ, പ്രിൻസിപ്പൽ ഡോ. ജോൺ എം.ജോർജ്, ട്രസ്റ്റ് സെക്രട്ടറി ഫാ.രാജേഷ് മാർട്ടിൻ, പി. അൽഫോൺസ് തുടങ്ങിയവർ പ്രസംഗിച്ചു.

## സമുദായ ശാക്തീകരണത്തിനു സംഘടനകളും വിശ്വാസികളും പ്രവർത്തിക്കണം: മാർ ജോസഫ് കല്ലറങ്ങാട്ട്



സമുദായ ശാക്തീകരണത്തിനായി സംഘടനകളും വിശ്വാസികളും പ്രവർത്തിക്കണമെന്നു പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. എകെസിസി മുട്ടുചിറ മേഖലാ സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസം നേടിയും നൽകിയും മറ്റു സാമൂഹ്യ പ്രവർത്തനങ്ങളിൽ പങ്കാളികളായിക്കൊണ്ടുമാവണം ശാക്തീകരണം സാധ്യമാക്കുക. സമൂഹത്തിൽ അവശതയനുഭവിക്കുന്നവന്റെയും പാവപ്പെട്ടവന്റെയും വക്താക്കളാവാൻ വിശ്വാസികൾക്കാവണമെന്നും ബിഷപ് ഓർമിപ്പിച്ചു. മുട്ടുചിറ ഫൊറോന പള്ളി വികാരി ഫാ. കുര്യാക്കോസ് നരിതൂക്കിൽ അധ്യക്ഷതവഹിച്ചു. എകെസിസി രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറകുന്നേൽ മുഖ്യപ്രഭാഷണവും പ്രബന്ധാവതരണവും നടത്തി. മേഖലാ പ്രസിഡന്റ് ജോസ് പുത്തൻകാലാ, സംസ്ഥാന രൂപതനേതാക്കളായ ടോമി തുരുത്തിക്കര, എം.എം. ജേക്കബ്, സാജു അലക്സ്, തോമസ് സി. മാഞ്ഞൂരാൻ, ബെന്നി പാലയ്ക്കാത്തടം, അപ്പച്ചൻ കണിവേലിൽ, തോമസ് മാത്യു പാറപ്പുറത്ത് പാലുവേലിൽ, ബെന്നി കുന്നേൽ, എം.ജെ. ചാക്കോ മടത്തിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

## അത്മായ പ്രസ്ഥാനങ്ങളിലെ നുഴഞ്ഞുകയറ്റം; നിരീശ്വരപ്രസ്ഥാനങ്ങളുടെ ഹിഡൻ അജൻഡ: മാർ പോളി കണ്ണൂക്കാടൻ



സഭയുടെ അത്മായ പ്രസ്ഥാനങ്ങളിലേക്കും പ്രതിനിധിയോഗങ്ങളിലേക്കും നിരീശ്വര വാദികളുടെ നുഴഞ്ഞുകയറ്റം നിരീശ്വര പ്രസ്ഥാനങ്ങളുടെ ഹിഡൻ അജൻഡയാണെന്ന് രൂപത ബിഷപ് മാർ പോളി കണ്ണൂക്കാടൻ അഭിപ്രായപ്പെട്ടു. ഇരിങ്ങാലക്കുട കാത്തലിക് മൂവ്മെന്റിന്റെ 15-ാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനവും എസ്എസ്എൽസി, പ്ലസ്ടു, മതബോധനം എന്നിവയുടെ അവാർഡ് ദാനവും നിർവഹിച്ചുകൊണ്ട് പ്രസംഗിക്കുകയായിരുന്നു ബിഷപ്.. യോഗത്തിൽ കാത്തലിക് മൂവ്മെന്റ് പ്രസിഡന്റ് ജോസ് മാമ്പിള്ളി അധ്യക്ഷത വഹിച്ചു. ബിഷപ് മാർ ജെയിംസ് പഴയാറ്റിൽ മതബോധന അവാർഡുകൾ വിതരണം ചെയ്തു. ഈശ്വരവിശ്വാസം മനുഷ്യമനസുകളിൽ വളരെ പ്രധാനപ്പെട്ടതാണെന്ന് മാർ ജെയിംസ് പഴയാറ്റിൽ പറഞ്ഞു. പ്ലസ്ടു അവാർഡ്ദാനം അഡ്വ. തോമസ് ഉണ്ണിയാടൻ എംഎൽഎയും എസ്എസ്എൽസി അവാർഡ് ദാനം ബിഷപ് മാർ പോളി കണ്ണൂക്കാടനും നിർവഹിച്ചു. കത്തീഡ്രൽ വികാരി ഫാ. സെബാസ്റ്റ്യൻ ഈഴേക്കാടൻ, സ്പിരിച്വൽ ഡയറക്ടർ ഫാ. ജോയ് തറയ്ക്കൽ, ട്രസ്റ്റി വിൻസന്റ് മുരിങ്ങത്തുപറമ്പിൽ, ജോസഫ് ആലേങ്ങാടൻ, വർഗീസ് പള്ളൻ തുടങ്ങിയവർ പ്രസംഗിച്ചു.

## പരിസ്ഥിതി സംരക്ഷണം വികസനത്തിന്റെ പുതിയ മുഖം: ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ



പരിസ്ഥിതി സംരക്ഷണം വികസനത്തിന്റെ പുതിയ മുഖമാണെന്ന് വരാപ്പുഴ അതിരൂപത ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ. കേരള കത്തോലിക്കാസഭയുടെ സാമൂഹ്യസേവന വിഭാഗമായ കേരള സോഷ്യൽ സർവീസ് ഫോറം രൂപകല്പന ചെയ്താവിഷ്കരിക്കുന്ന ജൈവ സമൃദ്ധി ജീവരക്ഷയ്ക്ക് എന്ന പദ്ധതി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സഭാ സംവിധാനങ്ങളും മനുഷ്യവിഭവശേഷിയും ജൈവവൈവിധ്യ പരിരക്ഷണ പ്രവർത്തനത്തിന് സർവാത്മനാ ഇടപെടണമെന്ന് ആർച്ച്ബിഷപ് ആഹ്വാനം ചെയ്തു. കേരളത്തിലെ കത്തോലിക്ക രൂപതകളുടെ ആഭിമുഖ്യത്തിലുള്ള സാമൂഹ്യ സേവന സംഘടനകൾ വരുംകാല പ്രവർത്തനങ്ങളിൽ കൂടുതൽ ഊർജസ്വലതയോടെ പരിസ്ഥിതിസംരക്ഷണ ജൈവസമൃദ്ധി ഇടപെടലുകളും മുൻഗണന മണ്ഡലങ്ങളിലായി സ്വീകരിക്കുന്നതാണെന്ന് കേരള മെത്രാൻ സമിതിയുടെ സാമൂഹ്യനീതിക്കായുള്ള കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ പ്രസ്താവിച്ചു. കേരളത്തിലെ മുപ്പത് കത്തോലിക്കാ രൂപതകളുടെ ആഭിമുഖ്യത്തിലുള്ള സാമൂഹ്യസേവന സംഘടനകളുടെ കാര്യദർശികളും അൽമായ പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുത്തു. കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. റൊമാൻസ് ആന്റണി ആമുഖ പ്രസംഗം നടത്തി.


JAGRATHA News

**"Jagratha News"** – An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA




*******